"ഭരണഭാഷ മാതൃഭാഷ"

നം. WCD/E7-13771/18

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 07. 09.2018.
Email : swdicds@gmail.com
Phone: 0471-2346508 Fax: 0471-2346534

വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം :വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാരുടെ വിവരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ വെബ് പോർട്ടലിൽ നൽകുന്നത് - സംബന്ധിച്ച്.

സൂചന
1. സർക്കാർ കത്ത് നം. 2104352/ബി2/2018 പി.വി.വി.വ തീയതി 2.6.2018.
2. സാമൂഹ്യനീതി വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 3.7.2018 ലെ F2/7600/18 - ാം നമ്പർ കത്ത്.

കേരളത്തിലെ സർക്കാർ സർവ്വീസിലെ പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി നിയമിച്ച ഉന്നതാധികാര സമിതിയുടെ യോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7.6.2018 ന് ചേരുകയുണ്ടായി. ജീവനക്കാരുടെ വിവര ശേഖരണത്തിനായി പിന്നോക്ക വിഭാഗ കമ്മീഷന്റെ ഒരു വെബ് പോർട്ടൽ e-CDESK എന്ന ഈ പോർട്ടലിന്റെ വെബ്സൈറ്റ് അഡ്രസ് http://ecdesk.kscbc.kerala.gov.in എന്നാണ് ഈ പോർട്ടലിൽ വനിതാ ശിശുവികസന ജീവനക്കാരുടെ വിവരങ്ങൾ അപ്ലോഡ് ചെയ്യേണ്ടതുണ്ട്.

സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കാർ ഉത്തരവ് നമ്പർ 175/18/സാ.നീ.വ തീയതി 23.3.2018 പ്രകാരം വനിതാ ശിശുവികസന വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള പ്രോഗ്രാം ഓഫീസർ, സി.ഡി.പി.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ കെയർടേക്കർ (മെയിൽ & ഫീമെയിൽ) എന്നീ തസ്തികകളിലെ ജീവനക്കാരുടെ വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്. ആയതിലേയ്ക്ക് വകുപ്പുതല നോഡൽ ഓഫീസറായി ജോയിന്റ് ഡയറക്ടർ ശ്രീമതി. സുന്ദരി.സിയെ ഇതിനകം നിയമിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ജില്ലാതല നോഡൽ ഓഫീസർമാരുടെ ചുമതല ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് ആയരിക്കും.

മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വിവര ശേഖരണം നടത്തി അപ് ലോഡ് ചെയ്യുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാർക്ക് കമ്മീഷന്റെ യൂസർ നെയിമും പാസ്‌വേർഡും ഉടൻ ലഭ്യമാക്കുന്നതാണ്. ആയത് ലഭ്യമായാൽ ഉടൻ തന്നെ ജീവനക്കാരുടെ വിവരം ടി വെബ് പോർട്ടലിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ബഹു. മുഖ്യമന്ത്രിയുടെ ഓഫീസും പിന്നോക്ക വിഭാഗ വികസന കമ്മീഷനും നേരിട്ട് വിലയിരുത്തുന്ന വിഷയമായതിനാൽ വിവരങ്ങളിലെ കൃത്യത പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വനിതാ ശിശുവികസന വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട തസ്തികകളായ പ്രോഗ്രാം ഓഫീസർ, സി.ഡി.പി.ഒ, സൂപ്പർവൈസർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ, കെയർടേക്കർ (മെയിൽ & ഫിമെയിൽ) എന്നിവയിലെ താത്കാലിക ജീവനക്കാരല്ലാത്ത എല്ലാ ജീവനക്കാരുടേയും വിവരങ്ങൾ വെബ് പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടേയും ദീർഘാവധിയിലുള്ള ജീവനക്കാരുടേയും വിവരങ്ങൾ രേഖപ്പെടുത്തണം. എന്നാൽ വകുപ്പിലേയ്ക്ക് വന്നിട്ടുള്ള ഡെപ്യൂട്ടേഷൻ ജീവനക്കാരെ ഉൾപ്പെടുത്തേണ്ടതില്ല.

ഈ വിഷയത്തിന്മേൽ കൂടുതൽ വിവരങ്ങൾ അറിയുവാൻ ചുവടെ പറയുന്ന ഫോൺ നമ്പറുകളുമായും ബന്ധപ്പെടാവുന്നതാണ്.

ശ്രീ. പ്രസന്നൻ - 9961927656- പിന്നോക്ക വിഭാഗ കമ്മീഷൻ
ശ്രീ. ബിപിൻ - 9496815371
ശ്രീമതി. സുന്ദരി.സി - 9447533690

വിശ്വസ്തതയോടെ,

Manjith

വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി

GB